# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4279 24.10.2016-ൽ മറുപടിക്ക്

**ക്യാൻസർ രോഗത്തിന് ഫലപ്രദമായ ചികിത്സാ സംവിധാനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ഉബൈദുള്ള** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മാരകമായ ക്യാൻസർ രോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഫലപ്രദമായ ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള ആർ.സി.സി. യെ ശക്തിപ്പെടുത്തുന്നതിനും പുതിയവ ആരംഭിക്കുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു. ആരോഗ്യവകുപ്പിന്റെ കാൻസർ കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ജില്ലയിലും ഒരു ആശുപത്രിയിലെങ്കിലും കീമോ തെറാപ്പി ഉൾപ്പെടെയുള്ള ചികിത്സാ രീതികൾ ആരംഭിക്കുന്നതിന് ജില്ലാ കാൻസർ കെയർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ക്യാൻസർ ചികിത്സക്കാവശ്യമായ ആധുനിക ഉപകരണമായ ലീനിയർ ആക്സിലേറ്റർ കോട്ടയം, ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ സ്ഥാപിക്കുകയും, അതിന്റെ പ്രയോജനം രോഗികൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. മറ്റു സർക്കാർ മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത ഉപകരണം സ്ഥാപിച്ചു കഴിഞ്ഞാൽ റേഡിയേഷൻ ചികിത്സയ്ക്ക് വേണ്ട കാലതാമസം ഒഴിവാക്കാൻ സാധിക്കും.<br>ആർ.സി.സി.യിലും, മലബാർ കാൻസർ സെന്ററിലും ചികിത്സയ്ക്കെത്തുന്ന അർബുദ രോഗികളുടെ ബാഹുല്യത്തിനനുസരിച്ച് ചികിത്സാ സൗകര്യങ്ങൾ വിപുലീകരിച്ചിട്ടുണ്ട്. ആർ.സി.സി.യിൽ ലോകോത്തര നിലവാരത്തിലുള്ള എല്ലാ ആധുനിക കാൻസർ ചികിത്സാസൗകര്യങ്ങൾ നിലവിലുണ്ട്. ആർ.സി.സി. യിൽ 10 നില കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമായികൊണ്ടിരിക്കുന്നു. |
| (ബി) | ക്യാൻസർരോഗ പരിശോധനകൾ കഴിഞ്ഞശേഷം അടിയന്തര ചികിത്സക്കുപോലും മാസങ്ങൾ കാത്തിരിക്കേണ്ടി വന്ന് രോഗം മൂർച്ഛിക്കുവാനിടയാക്കുന്ന സാഹചര്യം ഒഴിവാക്കുവാനും ഫലപ്രദമായ ആധുനിക ചികിത്സാരീതികൾ ഏർപ്പെടുത്തി രോഗികളുടേയും അവരുടെ ആശ്രിതരുടേയും ആധി ഇല്ലാതാക്കാൻ സഹായകരമാകുന്ന ഒരു ക്യാൻസർ നയം കൊണ്ടുവരാനും സത്വര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്ന തോട്ടുകൂടി ഓ.പി. വിഭാഗത്തിൽ അനുഭവിച്ചു വരുന്ന സ്ഥല പരിമിതി പരിഹരിക്കപ്പെടുന്നതാണ്. മലബാർ കാൻസർ സെന്ററിൽ ആധുനിക റേഡിയേഷൻ ചികിത്സ ലഭ്യമാക്കുന്ന ലീനിയർ ആക്സിലേറ്റർ, എലൈറ്റ് 80 ടെലി കോബാൾട്ട് മെഷീൻ, റേഡിയോതെറാപ്പി സിമുലേറ്റർ, ബ്രാക്കിതെറാപ്പി മെഷീൻ, 4D CT സ്കാനർ, CT സിമുലേറ്റർ, അത്യാധുനിക എം.ആർ.ഐ. സ്കാനർ, 500 എം.എ. എക്സറേ മെഷീൻ, ഡിജിറ്റൽ മാമോഗ്രാഫി, ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ സംവിധാനമുള്ള ഹെമറ്റോളജി ആന്റ് മെഡിക്കൽ ഓങ്കോളജി വിഭാഗം, കമ്പോണന്റ് സെപ്പറേഷൻ സൗകര്യമുള്ള ബ്ലഡ് ബാങ്ക്, ഡേ കീമോ തെറാപ്പി വിഭാഗം, പാലിയേറ്റീവ് കെയർ വിഭാഗം, ഇ-പാലിയേറ്റീവ് സംവിധാനം എന്നിവ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ